

# കരാഞ്ചിറ
# സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ഇടവക

കരയും ചിറയും ചേർന്ന പ്രദേശമായ കരാഞ്ചിറ, കരുവന്നൂർ പുഴയുടെ വാമപാർശ്വത്തിൽ സ്ഥിതിചെയ്യുന്നു. എന്നാൽ ആദ്യകാലങ്ങളിൽ കരുവന്നൂർ പുഴയുടെ മറുകരയിലെ വാലിയും ഇന്നത്തെ കിഴുപ്പിള്ളിക്കരയുടെ പുഴയോടടുത്ത പ്രദേശവും കരാഞ്ചിറയുടെ ഭാഗമായിരുന്നു. പിന്നീട്, പഞ്ചായത്ത്, വില്ലേജ് തലത്തിൽ വിഭജിച്ചപ്പോഴും 1978-ൽ ഇരിങ്ങാലക്കുട രൂപത രൂപീകൃതമായപ്പോഴും കരാഞ്ചിറ പ്രദേശത്തിന്റെയും ഇടവകയുടെയും ഭൂവിസ്തൃതി പുഴയുടെ തെക്കേകരയിൽ തന്നെ ഒതുങ്ങുകയാണുണ്ടായത്.

1875-ൽ ഇവിടെ ഒരു ദേവാലയം സ്ഥാപിക്കുന്നതുവരെ പഴുവിൽ, എടത്തുരുത്തി, കാട്ടൂർ എന്നീ പ്രദേശങ്ങളോട് ബന്ധപ്പെട്ടുനിന്നിരുന്ന ഇവിടത്തെ ക്രൈസ്തവർ മതപരമായ കാര്യങ്ങൾക്ക് പ്രസ്തുത സ്ഥലങ്ങളിലെ പള്ളികളുടെ കീഴിലായിരുന്നു.

## കരാഞ്ചിറയിൽ ഒരു പള്ളി

മഴക്കാലം രൂക്ഷമാകുമ്പോൾ പുഴയിലൂടെയുള്ള ഗതാഗതം ദുഷ്ക്കരമാകുന്നതിനാൽ പള്ളിയിൽ പോകുക വളരെ പ്രയാസമായിരുന്നു. അങ്ങനെയാണ് കരാഞ്ചിറയിൽ ഒരു ദേവാലയം വേണമെന്ന ആശയം ഉരുത്തിരിഞ്ഞത്.

കരാഞ്ചിറയിലെ പ്രഥമ വൈദികനും പാവന സ്മരണാർഹനുമായ മോൺ. ഫ്രാൻസിസ് ആലപ്പാട്ട് (തൃശ്ശൂർ രൂപത വികാരി ജനറാൾ 1904-1924) ആയിരുന്നു, കരാഞ്ചിറയിൽ ദേവാലയം സ്ഥാപിക്കുവാൻ മുന്നോട്ടുവന്നവരിൽ മുഖ്യൻ. അദ്ദേഹത്തിന്റെ തറവാടായ ആലപ്പാട്ട് തോപ്പിൽ വീട്ടുകാർ, അവരുടെ നിയോഗാർത്ഥം പിന്നീട് നിത്യകുർബാന അർപ്പിക്കണമെന്ന നിബന്ധനയോടുകൂടി, കൊടുത്ത ഭൂമിയിലാണ് കരാഞ്ചിറയിലെ കത്തോലിക്കാവിശ്വാസികളുടെ സ്വപ്നസാക്ഷാത്ക്കാരമായ ദൈവാലയം എ.ഡി. 1875-ൽ സ്ഥാപിതമായത്. മോൺ. ഫ്രാൻസിസ് ആലപ്പാട്ടിനോടുള്ള ആദരസൂചകമായി, ദൈവാലയത്തിന് അദ്ദേഹത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെ നാമധേയം നല്കി. കാൽ നൂറ്റാണ്ടിനുശേഷം സാരമായ പരിഷ്ക്കാരങ്ങൾ വരുത്തി പള്ളി മനോഹരമാക്കുകയും ഇടവകയായി ഉയർത്തുകയു ചെയ്തു. സ്വയംവര ബലിപീഠം (Altare Praevilegiatum) ദേവാലയത്തിന്റെ ഒരു സവിശേഷതയാണ്. പിന്നീട് മോണ്ടളം ഉൾപ്പെടെ



മാതാവിന്റെ ഗ്രോട്ടോ

പല നവീകരണങ്ങൾക്കും പള്ളി വിധേയമായിട്ടുണ്ട്. ആരംഭകാലത്ത് 30 കുടുംബങ്ങൾ മാത്രമുള്ള ചെറിയ ഇടവകയായിരുന്നു, കരാഞ്ചിറ. ഇന്ന് ഒരു വലിയ ഇടവകയായിത്തീർന്നിരിക്കുന്നു.

## സെന്റ് മേരീസ് ദേവാലയം (കുരിശുപള്ളി) കാട്ടുകടവ്

കാലവർഷം കലുഷിതമാകുമ്പോൾ കോവിലകത്ത് കുന്നിന് കിഴക്ക്-തെക്കുഭാഗത്തുള്ളവർക്ക് ഇടവകപ്പള്ളിയിൽ പോകാൻ വളരെ പ്രയാസമായിരുന്നു. ആ പ്രദേശത്തുള്ളവർ സ്വരൂപിച്ച ധനംകൊണ്ട്



സെന്റ് മേരീസ് കുരിശുപള്ളി



മതബോധന ഹാൾ, കാട്ടുകടവ്

വാങ്ങിയ സ്ഥലത്ത് ബഹു. ബ്രഹ്മകുളം തെക്കത്ത് സെബാസ്റ്റ്യൻ അച്ചൻ വികാരിയായിരുന്നപ്പോൾ 1933-ൽ ദിവ്യജനനിയുടെ നാമധേയത്തിൽ ഒരു കുരിശുപള്ളി സ്ഥാപിച്ചു. 1967 മുതൽ ഇവിടെ വി. കുർബാനയ്ക്കും മറ്റു തിരുക്കർമ്മങ്ങൾക്കും സൗകര്യം വർദ്ധിപ്പിക്കുകയുണ്ടായി. പള്ളിക്ക് സമീപം ഒരു ഹാളും പള്ളിയുടെ മുൻഭാഗത്തെ ഗെയ്റ്റിനു സമീപം ഒരു ചെറിയ കപ്പേളയും നിലവിലുണ്ട്.



വി. ഗീവർഗ്ഗീസിന്റെ കപ്പേള

## സെന്റ് സെബാസ്റ്റ്യൻസ് കപ്പേള



തെക്കുംമുറി സെന്റ് സെബാസ്റ്റ്യൻസ് കപ്പേള

കരാഞ്ചിറയുടെ തെക്കുഭാഗത്തുള്ള വിശ്വാസികളുടെ കൂട്ടായ്മയുടെ വേദിയാണ് വി. സെബസ്ത്യാനോസിന്റെ കപ്പേള. 1953-ൽ റവ. ഫാ. ജോൺ അക്കരപ്പറ്റി വികാരിയായിരുന്നപ്പോഴാണ് ഈ കപ്പേള സ്ഥാപിതമായത്. പ്രസ്തുത കപ്പേളയ്ക്കുവേണ്ട സ്ഥലം ഇഷ്ടദാനമായി നല്കിയത് ശ്രീ. മാളിയേക്കൽ പുള്ളിപ്പറമ്പിൽ വാറുണ്ണി ദേവസ്സിയാണ്. ഇടവകപ്പള്ളിയിൽ നിന്നും മൂന്നര കിലോമീറ്ററോളം ദൂരം ഇതിനുണ്ട്. 1983-ൽ ഈ കപ്പേള നവീകരിച്ച് വി. കുർബാനയ്ക്കുള്ളസൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

## സന്യാസഭവനങ്ങൾ

1953 മുതൽ വിവിധ കാലഘട്ടങ്ങളിലായി സ്ഥാപിതമായ വി. പത്താം പിയൂസ് (1953), ആരോഗ്യമാതാ (1970), അസ്സീസി ഭവൻ (1987) എന്നിങ്ങനെ മൂന്ന് എഫ്.സി.സി. കോൺവെന്റുകളും (2006), 'കരുണാലയ'ത്തോടനുബന്ധിച്ച് നിർമ്മലദാസി സിസ്റ്റേഴ്സും മറ്റൊരു കോൺവെന്റ് ഉൾപ്പെടെയുള്ള വിവിധ



ബഹു. കപ്ലോനച്ചന്റെ വസതി

സന്യാസ ഭവനങ്ങളുമാണ് ഇടവകയിൽ ഉള്ളത്. കൂടാതെ, സെന്റ് മേരീസ് കുരിശുപള്ളിയുടെ സമീപസ്ഥലത്ത് "ദൈവപരിപാലനാലയം" എന്ന ജീവകാരുണ്യ സ്ഥാപനവും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

1953-ൽ ബഹു. ജോൺ അക്കരപ്പറ്റിയച്ചൻ ഇടവക വികാരിയായിരുന്ന കാലത്തായിരുന്നു, ഇവിടെ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റു കോൺഗ്രിഗേഷന്റെ ഒരു കോൺവെന്റ് പി. പത്താം പിയൂസിന്റെ പേരിൽ സ്ഥാപിതമായത്. 1953 ജൂണിലാണ് ബഹു. സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ സെന്റ് ജോർജ്ജ് എൽ.പി. സ്കൂളിന് തുടക്കം കുറിച്ചത്. അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവാണ് വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചത്. കൂടാതെ, ഞായറാഴ്ചകളിൽ പ്രൈമറി വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം കോൺവെന്റ് സ്കൂളിൽ ദീർഘകാലം മതബോധനം നടത്തിയിരുന്നു.



അസ്സീസി ഭവൻ

## വി. പത്താം പീയൂസിന്റെ തീർത്ഥകേന്ദ്രം

വി. പത്താം പിയൂസിന്റെ ഭക്തനായിരുന്ന അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ പ്രചോദനമനുസരിച്ച് അന്നത്തെ വികാരിയായിരുന്ന ബഹു. ജോൺ അക്കരപ്പറ്റിയച്ചന്റെ നേതൃത്വത്തിലാണ് വി. പത്താം പിയൂസിന്റെ കപ്പേള പണിതത്. പത്താം പിയൂസ് മാർപാപ്പ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട സുദിനമായ 1954 മേയ് 29-ാം തിയ്യതിയായിരുന്നു പ്രസ്തുത കപ്പേളയുടെ ശിലാസ്ഥാപനകർമ്മം. അത്യുന്നത കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് തിരുമേനി



വി.പത്താം പീയൂസിന്റെ തീർത്ഥകേന്ദ്ര ദേവാലയം

ആശീർവദിച്ച അടിസ്ഥാനശിലയാണ് മാർ ജോർജ്ജ് ആലപ്പാട്ട് സ്ഥാപിച്ചത്. അദ്ദേഹം തന്നെയാണ് 1954 ഡിസംബർ 18-ാം തിയ്യതി കപ്പേള വെഞ്ചരിച്ചത്. വി. പത്താം പീയൂസിന്റെ മദ്ധ്യസ്ഥതയാൽ അനേകർക്ക് രോഗശാന്തിയും ഒട്ടേറെ നന്മകളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1961 സെപ്റ്റംബർ 3-ാം തിയ്യതി അഭിവന്ദ്യപിതാവ് പ്രസ്തുത കപ്പേളയെ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചു. ഭാരതത്തിലെ വി. പത്താം പിയൂസിന്റെ നാമധേയത്തിലുള്ള പ്രഥമ തീർത്ഥാടന കേന്ദ്രമാണിത്.

ആദ്യകാലങ്ങളിൽ ബഹു. വികാരിയച്ചൻ തന്നെയായിരുന്നു, മഠം കപ്ലോൻ. പിന്നീട്, 1970 ആഗസ്റ്റ് മാസത്തിൽ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവ് രൂപതാഭരണത്തിൽ നിന്ന് വിരമിച്ചശേഷം ഇവിടെ മഠത്തിന്റെ എതിർവശത്തുള്ള കോമ്പൗണ്ടിൽ തയ്യാറാക്കിയ 'സാർത്തോനിലയ'ത്തിൽ താമസിച്ച് മഠത്തിന്റെ ചാപ്പലിൽ അനുദിനം വി. കുർബാനയർപ്പിച്ചിരുന്നു. ഇവിടെയുള്ള വസതിയിൽ വെച്ചാണ് അദ്ദേഹം 1973-ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്. പിന്നീട് കുർബ്ബാനയുടെ സൗകര്യാർത്ഥം സ്ഥിരവാസമുള്ള ബഹു. കപ്ലോനച്ചന്മാർ നിയമിതരായി.



ദീപ്തിഭവൻ

## വിദ്യാലയങ്ങൾ

പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടം എന്ന തത്വം കരാഞ്ചിറയിലും പ്രായോഗികമായതിന്റെ പ്രകടമായ ദൃഷ്ടാന്തമാണ് 1915-ൽ ആരംഭിച്ച സെന്റ് സേവിയേഴ്സ് എൽ.പി. സ്ക്കൂൾ. പിന്നീടത് യു.പി. ആയി വളർന്നു. നീണ്ട കാത്തിരിപ്പിനുശേഷം 1963-ൽ പള്ളി വികാരിയായിരുന്ന ബഹു. തോമസ് വാഴപ്പിള്ളി യച്ചന്റെ അക്ഷീണ ശ്രമഫലമായിട്ടാണ് ഹൈസ്ക്കൂളായി ഉയർത്തിയത്. അദ്ദേഹത്തെ നന്ദിയോടെ സ്മരിക്കാം. ഈ ഇടവകക്കാരനും തൃശ്ശൂർ രൂപതയെ വളർച്ചയുടെ വഴികളിലൂടെ നയിച്ച ബിഷപ്പും ആയിരുന്ന ഡോ. ജോർജ്ജ് ആലപ്പാട്ട് തിരുമേനിയാണ് ഹൈസ്ക്കൂളിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. വിദ്യാഭ്യാസ മേഖല വികസ്വരമാക്കുന്നതിന്റെ ഭാഗമായി പള്ളിസ്ക്കൂളിന്റെ ശാഖയെന്ന നിലയിൽ സെന്റ് ജോർജ്ജിന്റെ നാമധേയത്തിൽ തുടങ്ങിയ സ്ക്കൂൾ 1953-ൽ വി. പത്താം പിയൂസിന്റെ മഠം സ്ഥാപിച്ചതിനെത്തുടർന്ന് അവരുടെ സ്വതന്ത്ര ചുമതലയിലുള്ള ഒരു എൽ.പി. സ്ക്കൂളായി മാറ്റുകയും ചെയ്തു. പിന്നീട്, അതായത് മുപ്പതിലേറെ വർഷം മുമ്പ് അത് യു.പി. സ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. ഒരു നേഴ്സറി സ്ക്കൂൾ ബഹു. സിസ്റ്റേഴ്സ് നടത്തുന്നുണ്ട്. സെന്റ് സേവിയേഴ്സ് ഹൈസ്ക്കൂളിന്റെ യു.പി. വിഭാഗത്തിനുവേണ്ടി ബഹു. പോളി പടയാട്ടിയച്ചന്റെ നേതൃത്വത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തോടുചേർന്ന് പണിത പുതിയ കെട്ടിടം 2009 ജനുവരി 16-ന് അഭിവന്ദ്യ ജെയിംസ് പിതാവ് വെഞ്ചരിച്ചു.



സെന്റ് സേവ്യേഴ്സ് ഹൈസ്ക്കൂൾ

## ഹോസ്പിറ്റൽ & നേഴ്സിങ്ങ് സ്ക്കൂൾ

ഈ ഇടവകക്കാരനായ തൃശ്ശൂർ രൂപത മെത്രാൻ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിനോടുള്ള ആദരസൂചകമായിട്ടാണ് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റുസഭയുടെ അവിഭക്ത തൃശ്ശൂർ അസ്സീസി പ്രോവിൻസ് 'ബിഷപ്പ് ആലപ്പാട്ട് ഹോസ്പിറ്റൽ' ഇവിടെ സ്ഥാപിച്ചതും അദ്ദേഹത്തിന്റെ നാമധേയം നല്കിയതും. ബഹു. തോമസ് വാഴപ്പിള്ളിയച്ചൻ വികാരിയായിരുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന്റെയും നാട്ടുകാരുടെയും സഹായ സഹകരണങ്ങളോടുകൂടിയാണ് ആധുനിക സജ്ജീകരണങ്ങളുള്ള



ബിഷപ്പ് ആലപ്പാട്ട് മിഷൻ ഹോസ്പിറ്റൽ

ആസ്പത്രി ഈ ഗ്രാമീണാന്തരീക്ഷത്തിൽ ഉയർന്നു വന്നത്. എഞ്ചിനീയർമാരായ ശ്രീ. ലോനപ്പൻ ആലപ്പാട്ടും മകൻ പിയൂസുമാണ് കെട്ടിടം രൂപകല്പന ചെയ്ത് പണികൾക്ക് മേൽനോട്ടം വഹിച്ചത്. 1968 മേയ് 1-ാം തിയ്യതി ശിലാസ്ഥാപനം നടത്തി പണിയാരംഭിച്ച ആസ്പത്രിയുടെ വെഞ്ചരിപ്പും ഉദ്ഘാടനവും 1970 മേയ് 1-ാം തിയ്യതി മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി സാഘോഷം നിർവ്വഹിച്ചു.

ആതുരശുശ്രൂഷയ്ക്ക് അനുയോജ്യരായ യുവതികളെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1979 ജനുവരി മാസത്തിൽ ആരംഭിച്ചതാണ് വിജയമാതാ നഴ്സിംഗ് സ്ക്കൂൾ. ഓരോ ബാച്ചിലും 25 പേർക്ക് വീതമാണ് ഇപ്പോൾ പരിശീലനം നല്കിക്കൊണ്ടിരിക്കുന്നത്.




വിജയമാതാ നഴ്സിങ്ങ് സ്ക്കൂൾ

## മതബോധനഹാൾ

ബഹു. ലക്സി കടമ്പാട്ടുപറമ്പിലച്ചന്റെ കാലഘട്ടത്തിൽ (2003–2006) ഇടവകയ്ക്ക് ഒരു പാരിഷ് ഹാളിനായി പള്ളിയുടെ പടിഞ്ഞാറ്ഭാഗത്ത് മെയിൻ റോഡിന് അരികെ കുറച്ചു സ്ഥലംകൂടി വാങ്ങുകയും മെയിൻ റോഡിന് അഭിമുഖമായി പാർക്കിങ്ങ് സൗകര്യത്തോടുകൂടി മനോഹരമായ ഒരു ഹാൾ പണിയുകയും ചെയ്തു. 2004 ഡിസംബർ 19–ാം തിയ്യതി ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിലാണ് ഹാളിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചത്.



F.C.C. നേഴ്സറി സ്ക്കൂൾ



മതബോധന ഹാൾ



സാർത്തോനിലയം



സെന്റ് മേരീസ് പള്ളിയുടെ
മുന്നിലെ സ്തംഭം



സെന്റ് ജോർജ്ജ് സി.യു.പി.
സ്ക്കൂളിലെ സ്തംഭം



സെന്റ് ആന്റണീസ് കപ്പേള